LIBRARY ARCHIVES Kerala Legislative Assembly

(30) ജീവനക്കാരെ തിരിച്ചെത്തിക്കൽ

ശ്രീമതി ഒ. എസ്. അംബിക: സർ, ജനിതകമാറ്റം വന്ന കോവിഡ് മഹാമാരിയുടെ വ്യാപനത്തെത്തുടർന്ന് രാജ്യം ലോക്ഡൗണിലേയ്ക്കും കർശന നിയന്ത്രണങ്ങളിലേയ്ക്കും പോകുന്ന സാഹചര്യത്തിൽ, സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ തൊഴിലെടുക്കുന്ന നിരവധി അതിഥി തൊഴിലാളികൾ അവരുടെ നാടുകളിലേയ്ക്ക് തിരിച്ചുപോയി. ഇതിനായി കോൺട്രാക്ട് ക്യാരേജ് വാഹനങ്ങൾ വാടകയ്ക്കെടുത്താണ് പോയത്. ഇവരെ നാട്ടിലെത്തിച്ച ധാരാളം വാഹനങ്ങൾ പശ്ചിമ ബംഗാൾ, ആസാം, ഒഡീഷ, സിക്കിം എന്നീ വിവിധ സംസ്ഥാനങ്ങളിൽ ഇപ്പോഴും കുടുങ്ങിക്കിടക്കുകയാണ്. ജീവനക്കാർക്ക് മതിയായ ഭക്ഷണമോ, ആരോഗ്യപരിരക്ഷയോ, കുടിവെള്ളമോപോലും കിട്ടാത്ത സാഹചര്യമുണ്ട്. ഈ ജീവനക്കാരേയും വാഹനങ്ങളേയും കഴിയുന്നത്രവേഗം നാട്ടിലെത്തിക്കാനുള്ള സത്വര നടപടികളുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, സാമൂഹ്യ മാധ്യമങ്ങളിലും മറ്റും ഏറെ ചർച്ചയായ വിഷയമാണ് ഇവിടെ ഉന്നയിച്ചത്. കോവിഡ് കാലത്ത് അതിഥി തൊഴിലാളികളുമായി പോയ വാഹനങ്ങൾ വിവിധ സംസ്ഥാനങ്ങളിൽനിന്ന് മടങ്ങിവരാൻ കഴിയാതെ കിടക്കുന്നതുസംബന്ധിച്ച് അറിവ് ലഭിച്ചതിനെത്തുടർന്ന് നടത്തിയ അന്വേഷണത്തിൽ പശ്ചിമ ബംഗാൾ-302, ആസാം-169, ജാർഖണ്ഡ്-17, മറ്റ് രണ്ട് സംസ്ഥാനങ്ങളിൽ ഓരോന്നുവീതം ഉൾപ്പെടെ 490 വാഹനങ്ങൾ കുടുങ്ങിക്കിടക്കുന്നതായി വിവരം ലഭിച്ചു. ഗതാഗത സെക്രട്ടറിയുടെയും ട്രാൻസ്പോർട്ട് കമ്മീഷണറുടെയും നേതൃത്വത്തിൽ ബന്ധപ്പെട്ട എല്ലാ സംസ്ഥാനങ്ങളിലേയും ഗതാഗത വകുപ്പുമായി നിരന്തരമായി ബന്ധപ്പെട്ട് ജീവനക്കാരുടെ സുരക്ഷയ്ക്കും ആരോഗ്യ സംരക്ഷണത്തിനുംവേണ്ട നടപടികൾ അടിയന്തരമായി കൈക്കൊണ്ടിട്ടുണ്ട്. വാഹനങ്ങൾക്കും ജീവനക്കാർക്കും ആവശ്യമായ സുരക്ഷയും ഭക്ഷണവും വൈദ്യ സഹായവും ലഭ്യമാക്കണമെന്നും അവർക്ക് തിരികെ വരുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കണമെന്നും ഫീസ്, ടോൾ ഫീസ്, നികുതി എന്നീ ഇനങ്ങളിൽ ഇളവുനൽകണമെന്നും ആവശ്യപ്പെട്ട് ചീഫ് സെക്രട്ടറി 21-5-2021-ൽ ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ ചീഫ് സെക്രട്ടറിമാരോട് ആവശ്യപ്പെടുകയും ചെയ്തു. അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണറുടെ നേതൃത്വത്തിൽ മോട്ടോർ വാഹന വകുപ്പിലെ 22 മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെ വിവിധ മേഖലകളിലെ നോഡൽ ഓഫീസർമാരായും ചുമതലപ്പെടുത്തി വാഹനങ്ങളേയും ജീവനക്കാരേയും തിരികെ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ നിരന്തരമായി നടത്തുകയും ചെയ്തു. ഓൺലൈനായി അപേക്ഷിക്കുന്നവർക്ക് സ്പെഷ്യൽ പെർമിറ്റ് അനുവദിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ ആർ.ടി.ഒ.-മാർക്കും ചെക്ക് പോസ്റ്റ് ഉദ്യോഗസ്ഥർക്കും

നിർദ്ദേശം നൽകിയിരുന്നു. 183 വാഹനങ്ങൾ സംസ്ഥാനത്ത് തിരികെ എത്തിയിട്ടുണ്ട്. 38 വാഹനങ്ങൾ മടക്കയാത്രയിലാണ്. കൂടാതെ വാഹനങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽ പാർക്കുചെയ്തശേഷം 39 ജീവനക്കാരും തിരികെ എത്തിയിട്ടുണ്ട്. ലോക്ഡൗൺ നിലനിൽക്കുന്നതിനാൽ പലരും ഇപ്പോൾ മടങ്ങിവരാൻ താൽപ്പര്യപ്പെടുന്നില്ല. ലോക്ഡൗൺ പിൻവലിക്കുന്നമുറയ്ക്ക് യാത്രക്കാരുമായി മടങ്ങിവരാനായി ഇവർ കാത്തുനിൽക്കുന്നതായാണ് അറിയാൻ കഴിയുന്നത്. മടങ്ങിവരാൻ താൽപ്പര്യമുള്ളവർക്ക് സാധ്യമായ എല്ലാ സഹായങ്ങളും ഒരുക്കുന്നതിന് തുടർന്നും ഗതാഗത വകുപ്പ് സന്നദ്ധമാണ്.

(31) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

ശ്രീ. പി. ടി. തോമസ്: സർ, എന്റെ നിയോജകമണ്ഡലമായ തൃക്കാക്കരയിൽ വ്യാപകമായി കോവിഡ് പടർന്നുപിടിച്ചു കൊണ്ടിരിക്കുകയാണ്. നിലവിലുള്ള കണക്കനുസരിച്ച് 1379 കോവിഡ് പോസിറ്റീവായ ആളുകളുണ്ട്. പ്രൈമറി ഹെൽത്ത് സെന്ററുകളും അർബൻ സെന്ററുകളുമടക്കം പതിനൊന്നോളം ഹെൽത്ത് സെന്ററുകൾ നല്ല പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുകയും കഴിയുന്ന എല്ലാ സൗകര്യങ്ങളും ചെയ്യുന്നുമുണ്ട്. ഇതുമായി ബന്ധപ്പെട്ട് എം.എൽ.എ.-യുടെ ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നുണ്ട്. ശവസംസ്കാരമടക്കമുള്ള കാര്യങ്ങൾക്കും കോവിഡ് രോഗികൾ ക്കാവശ്യമായ കാര്യങ്ങൾക്കുമൊക്കെ ഞങ്ങളുടെ വോളന്റിയേഴ്സ് പോകുന്നുണ്ട്. എന്നാൽ ആവശ്യത്തിനുള്ള വാക്സിനേഷൻ അവിടെ കൊടുക്കാൻ കഴിയുന്നില്ല. ഇൻഫോപാർക്ക്, സ്മാർട്ട് സിറ്റി, എൻ.പി. ഓയിൽ, കളക്ടറേറ്റ് അടക്കമുള്ള സ്ഥാപനങ്ങളിൽ കേരളത്തിൽനിന്നും കേരളത്തിനുപുറത്തുനിന്നും ഇന്ത്യയ്ക്കുപുറത്തു നിന്നും ജനങ്ങൾ നിരന്തരമായി വരുന്ന ഒരു പ്രധാന കേന്ദ്രമാണ് പ്രസ്തുത പ്രദേശം. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്കും ആ കാര്യം നല്ല ബോദ്ധ്യമുള്ളതാണ്. ഇത്തരത്തിലുള്ള ആ സ്ഥലത്തിന് പ്രത്യേക പരിഗണന നൽകി വാക്സിനേഷൻ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? ഒരു ഉദാഹരണം പറയുകയാണെങ്കിൽ, അവിടെയുള്ള ഹോളിക്രോസ് കോൺവെന്റിൽ വളരെയേറെ പ്രായംചെന്ന കന്യാസ്ത്രീകൾ താമസിക്കുന്നുണ്ട്. അവർക്ക് അടിയന്തരമായി വാക്സിനേഷൻ നൽകേണ്ടതുണ്ട്. അതുപോലെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ താമസിക്കുന്ന സ്നേഹ നിലയത്തിലടക്കം വാക്സിനേഷൻ നൽകാൻ സാധിച്ചിട്ടില്ല. തൃക്കാക്കര എൻ.ജി.ഒ. ക്വാർട്ടേഴ്സിലുള്ള പി.എച്ച്.സി. ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഗവൺമെന്റിന്റെതന്നെ തൊട്ടടുത്തുള്ള സൗകര്യപ്രദമായ കെട്ടിടത്തിലേയ്ക്ക് മാറ്റുന്ന തിനുള്ള തീരുമാനമെല്ലാമായിട്ടും കഴിഞ്ഞ 6 മാസമായി ആ തീരുമാനം നടന്നിട്ടില്ല. ഇതെല്ലാം വാക്സിനേഷനടക്കം കോവിഡിനെ നേരിടാനുള്ള പ്രവർത്തനങ്ങളിൽ സഹായിക്കുന്നതാണ്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും അടിയന്തര ശ്രദ്ധയുണ്ടാകണമെന്നതാണ് എന്റെ വിനീതമായ അഭ്യർത്ഥന.

LIBRARY ARCHIVES Kerala Legislative Assembly